**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള ട്രെയ്നിംഗ് സെന്ററിൽ താൽക്കാലിക ടീച്ചറായി ജോലി നോക്കിയിരുന്ന ശ്രീമതി.എൻ. സുനിഷ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A (EKM) 156/2015 നമ്പർ കേസ്സിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ (സാധാ) നം.169/2017/തസ്വഭവ തീയതി,തിരുവനന്തപുരം, 20/01/2017

---

പരാമർശം:- 1) O.A (EKM) 156/2015 നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11.03.2016 ലെ ഉത്തരവ്

2) സ.ഉ (സാധാ) നം. 2851/2014/തസ്വഭവ. തീയതി 01.11.2014.

**ഉത്തരവ്**

വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള ട്രെയ്നിംഗ് സെന്ററിൽ താൽക്കാലിക ടീച്ചറായി ജോലി നോക്കിയിരുന്ന ശ്രീമതി. എൻ. സുനിഷ ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No. 156/2015 നമ്പർ അപേക്ഷയിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച 11.03.2016 ലെ ഉത്തരവിൽ, അനക്സർ MA7 നിവേദനം പരിശോധിച്ച് അപേക്ഷകയേയും നാലാം കക്ഷിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേട്ട് ഒന്നാം കക്ഷിയായ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശാനുസരണം അപേക്ഷകയേയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും 19.08.2016 ൽ നേരിൽ കേട്ടു. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 16.11.1998 മുതൽ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ പ്രവർത്തിച്ചിരുന്ന സ്പെഷ്യൽ സ്കൂളിൽ 30.03.2011 വരെ ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവന്നിരുന്നെന്നും പിന്നീട് ജോലി നഷ്ടപ്പെട്ടുകയുണ്ടായെന്നും പിന്നീട് പഞ്ചായത്തിൽ സ്പെഷ്യൽ സ്കൂൾ അനുവദിക്കുന്നതിനു വേണ്ടി ഇന്റർവ്യൂ നടത്തുകയും തുടർന്ന് 13.06.2016 തീയതിയിൽ ഈ സ്കൂളിൽ ജോലിയിൽ പ്രവേശിച്ചുവെന്നും എന്നാൽ ഇതുവരെ സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും ശ്രീമതി. എൻ. സുനിഷ ഹിയറിംഗ് വേളയിൽ ബോധിപ്പിക്കുകയുണ്ടായി. നിലവിലെ നിയമനം ഹോണറേറിയം വ്യവസ്ഥയിലായതിനാൽ ആയത്

സ്ഥിരപ്പെടുത്തി നൽകണമെന്ന് ടിയാൾ അഭ്യർത്ഥിച്ചു വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് വയനാട് ജില്ലാ ബഡ്സ് അഡ്വൈസറി കമ്മിറ്റി അംഗീകാരം നൽകുകയും അപ്രകാരം സ്ഥാപനം പ്രവർത്തനം തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്നതായും ശ്രീമതി. സുനിഷയെ വർക്കർ കം കെയർ ടേക്കർ ആയി പ്രസ്തുത സ്കൂളിൽ നിയമിച്ചുകൊണ്ട് നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതായി 4-ാം കക്ഷിയായ പഞ്ചായത്ത് സെക്രട്ടറി ഹിയറിംഗ് വേളയിൽ അറിയിച്ചു

വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചിരുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടിയുള്ള ട്രെയിനിംഗ് സെന്ററിലെ ട്രെയിനിംഗ് ടീച്ചറായി താൽക്കാലികാടിസ്ഥാനത്തിൽ ശ്രീമതി. എൻ. സുനിഷയെ ഗ്രാമപഞ്ചായത്തിന്റെ 14.12.1998-ലെ 581 (11) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം നിയമിക്കുകയും വർഷം തോറും കാലാവധി ദീർഘിപ്പിച്ചുനൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ ഹോണറേറിയം വ്യവസ്ഥയിൽ തുടർന്നുവരവെ, ബഡ്സ് സ്കൂളിന്റെ മാതൃകയിലോ എസ്.എസ്.എ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂളിന്റെ മാതൃകയിലോ മാത്രമേ തുടർന്ന് സ്കൂൾ പ്രവർത്തിക്കുവാൻ പാടുള്ളൂവെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി ട്രെയിനിംഗ് സെന്റർ ബഡ്സ് സ്കൂൾ ആയി മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവരവേ തുടർന്ന് പ്രവർത്തിക്കുവാൻ കഴിയാതെ 30.03.2011-ൽ ടി സെന്ററിന്റെ പ്രവർത്തനം നിർത്തലാക്കുകയും ചെയ്തു. പതിനൊന്നിന പരിപാടിയിൻ കീഴിൽ നിയമിതരായ ലൈബ്രേറിയന്മാർ, ആയമാർ തുടങ്ങിയവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തന്നേയും സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷക ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 2585/12 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസ്സിലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തുകയും ടിയാളുടെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് കണ്ട് പരാമർശം (2) ലെ ഉത്തരവ് പ്രകാരം ടി ആവശ്യം നിരസിക്കുകയും ചെയ്തിരുന്നു.

ബന്ധപ്പെട്ട ഉത്തരവുകളുടേയും വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ മാർഗ്ഗരേഖ പ്രകാരം ബഡ്സ് സ്കൂളിലെ വർക്കർ കം കെയർ ടേക്കർ തസ്തികയ്ക്ക് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത് പ്ലസ് ടു വും സ്പെഷ്യൽ എഡ്യൂക്കേഷനിൽ (എം.ആർ) ഡിപ്ലോമയുമാണ്. ഇവരുടെ അഭാവത്തിൽ പ്ലസ് ടു യോഗ്യതയുള്ളവർക്ക് 3 വർഷത്തിനുള്ളിൽ യോഗ്യത നേടാം. ശ്രീമതി. സുനിഷയ്ക്ക് എസ്.എസ്.എൽ.സിയും M.R-ൽ ഒരു വർഷത്തെ ട്രെയിനിംഗ് പൂർത്തിയാക്കിയതായുള്ള സർട്ടിഫിക്കറ്റും മാത്രമേയുള്ളൂ. എന്നാൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.10.2015-ലെ MA(EKM) 414/2014 in OA

(EKM) 156/2015-ലെ ഉത്തരവ് അനുസരിച്ച് ശ്രീമതി. സുനിഷയെ വർക്കർ കം കെയർ ടേക്കർ തസ്തികയിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.06.2016-ലെ എ 4/6780/2015 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു. ഹോണറേറിയം വ്യവസ്ഥയിൽ നിയമിതരായവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് പൊതു ഉത്തരവുകളോ വ്യവസ്ഥകളോ നിലവിലില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ മാർഗ്ഗരേഖയിൽ വർക്കർ കം കെയർ ടേക്കർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യത ടിയാൾ നേടിയിട്ടില്ലെങ്കിലും അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി നിയമനം പോലും നടത്തിയിട്ടുള്ളതെന്ന് കാണുന്നു. Umadevi VS State of Karnataka കേസ്സിലെ സുപ്രീംകോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ ഹോണറേറിയം വ്യവസ്ഥയിൽ നിയമിതയായ ശ്രീമതി. എൻ. സുനിഷയ്ക്ക് സ്ഥിരനിയമനത്തിന് അർഹതയില്ല. ആയതിനാൽ വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള ട്രെയ്നിംഗ് സെന്ററിൽ താൽക്കാലിക ടീച്ചറായി ജോലി നോക്കിയിരുന്ന ശ്രീമതി എൻ. സുനിഷയെ സ്ഥിരപ്പെടുത്തണമെന്നുള്ള അനക്സർ MA7 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) No. 156/2015 മേലുള്ള 11.03.2016-ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ഗവ. ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, വഞ്ചിയൂർ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
സെക്രട്ടറി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്, വയനാട്.
ശ്രീമതി. എൻ. സുനിഷ, ടീച്ചർ, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്, വയനാട്
(വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഫയൽ നം. 74/ഇപിഎ 2/2016/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ